"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം നെല്ലിമൂട് ന്യൂ എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. (പി.എസ്.) ശ്രീമതി അജി റാണി പി.എസ്. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.430/2026/GEDN തീയതി,തിരുവനന്തപുരം, 17-01-2026

പരാമർശം:-
1. ശ്രീമതി അജി റാണി പി.എസ്. സമർപ്പിച്ച 15/04/2025 തീയതിയിലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27/05/2025-ലെ ഡിജിഇ/9618/2025-ഇറ്റി4 നമ്പർ കത്ത്.
3. നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 27/05/2025-ലെ DEONTA/1014/2025-B6 നമ്പർ കത്ത്.
4. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29/05/2025-ലെ ഡിഡിഇ/2330/2025-ബി5 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നെല്ലിമൂട് ന്യൂ എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. (പി.എസ്.) ശ്രീമതി അജി റാണി പി.എസ്. സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ടവരെ 07/07/2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി. ഹർജിക്കാരിയുടെ 16/06/2006 മുതൽ 21/12/2006 വരെയും 22/12/2006 മുതൽ 31/03/2007 വരെയുമുള്ള നിയമനങ്ങൾ റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കുവാൻ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം.

**ടി വിഷയത്തിന്മേലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്**

"ശ്രീമതി അനില ഷെറിന്റെ 28/10/2006 മുതൽ 21/12/2006 വരെയുള്ള അർദ്ധവേതനാവധി ഒഴിവിൽ മാനേജർ ശ്രീമതി അജി റാണി പി.എസ്.ന് നിയമനം നൽകിയിട്ടില്ല. ടി വിഷയം കൂടി പരിശോധിച്ച ശേഷമാണ് ശ്രീമതി അനില ഷെറിന്റെ മാതൃത്വ അവധി ഒഴിവിലെ ശ്രീമതി അജി റാണി പി.എസ്.ന്റെ 16/06/2006 മുതൽ 27/10/2006 വരെയുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാൻ 22/02/2022 തീയതിയിൽ സർക്കാർ ഉത്തരവായിട്ടുള്ളത്. ടി സാഹചര്യത്തിൽ 28/10/2006 മുതൽ 21/12/2006 വരെ മാനേജർ ടിയാൾക്ക് പ്രത്യേക നിയമന ഉത്തരവ് നൽകുന്ന

സാഹചര്യമുണ്ടായാൽ കാലതാമസം ഇളവ് ചെയ്തുകൊണ്ട് മറ്റ വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം അംഗീകാരത്തിന് പരിഗണിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

22/12/2006 മുതൽ 31/03/2007 വരെ ശ്രീമതി ഇന്ദുലേഖയുടെ മാതൃത്വ അവധി ഒഴിവിൽ ശ്രീമതി അജി റാണി പി.എസ്. നെ നിയമിച്ചതായ പ്രൊപോസൽ സമന്വയ മുഖേന മാനേജർ നിലവിൽ സമർപ്പിച്ചിട്ടുണ്ട്. 22/12/2006 മുതലുള്ള നിയമനം സമർപ്പിക്കുന്നതിന് 18 വർഷം കാലതാമസം വന്നതിനാൽ 03/04/2025 ലെ B6/81770/2025 നമ്പർ ഉത്തരവ് പ്രകാരം നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിച്ചു. 22/12/2006 മുതൽ 31/03/2007 വരെ ശ്രീമതി ഇന്ദുലേഖയുടെ മാതൃത്വ അവധി ഒഴിവിൽ മാനേജർ ശ്രീമതി അജി റാണി പി.എസ്. നെ നിയമിച്ച ഉത്തരവ് സമർപ്പിച്ചിട്ടില്ല എന്ന് സ.ഉ.(സാധാ)നം.1001/2022/പൊ.വി.വ തീയതി 22/02/2022 നിരീക്ഷിച്ചിട്ടുണ്ട്. നിയമന പ്രൊപോസൽ സമർപ്പിക്കുന്നതിലെ കാലതാമസം ഇളവ് ചെയ്ത് ഉത്തരവ് ലഭ്യമാകുന്ന മുറക്ക് മാത്രമേ ടി നിയമനം പരിഗണിക്കാനാകൂ. കാലതാമസം ഇളവ് ചെയ്യുന്നതിന് മാനേജർ നാളിതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ല. നെല്ലിമൂട് ന്യൂ എച്ച്.എസ്.ലെ ഹാജർ പുസ്തക പ്രകാരം ശ്രീമതി അജിറാണി 16/06/2006 മുതൽ 31/03/2007 വരെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

ശ്രീമതി അനില ഷെറിൻ ന്റെ മാതൃത്വ അവധി ഒഴിവിൽ ശ്രീമതി അജി റാണി പി.എസ്. ന്റെ 16/06/2006 മുതൽ 27/10/2006 വരെയുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാൻ സ.ഉ.(സാധാ)നം. 1001/2022/പൊ.വി.വ തീയതി 22/02/2022 ഉത്തരവായിട്ടുണ്ട്. ശ്രീമതി അനില ഷെറിന്റെ 28/10/2006 മുതൽ 21/12/2006 വരെയുള്ള അർദ്ധവേതനാവധി ഒഴിവിലും, ശ്രീമതി ഇന്ദുലേഖയുടെ 22/12/2006 മുതൽ 31/03/2007 വരെയുള്ള മാതൃത്വ അവധി ഒഴിവിലും മാനേജർ ശ്രീമതി അജി റാണി പി.എസ്. ന് നിയമനം നൽകി പ്രൊപോസൽ സമർപ്പിക്കുന്ന പക്ഷം, ആയത് സമർപ്പിക്കുന്നതിന് വരുത്തിയ കാലതാമസം ഇളവ് ചെയ്ത് ഉത്തരവ് ലഭ്യമാകുന്ന മുറക്ക് മാത്രമേ ടി നിയമനം പരിഗണിക്കാനാകൂ.

ശ്രീമതി അജിറാണിയുടെ 16/06/2006 മുതൽ 27/10/2006 വരെയും, 28/10/2006 മുതൽ 21/12/2006 വരെയും, 22/12/2006 മുതൽ 31/03/2007 വരെയുള്ള നിയമനം വ്യത്യസ്ത ഒഴിവിലാണ്. ആകയാൽ ശ്രീമതി അജിറാണിയുടെ നിയമനം ഒരു അക്കാദമിക വർഷം മുഴുവൻ ഉള്ള നിയമനം ആയി കണക്കാക്കി ശമ്പള സ്കെയിലിൽ നിയമനം അംഗീകരിക്കണം എന്ന ആവശ്യം അംഗീകരിക്കാനാകില്ല."

3.ഈ വിഷയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും ഹീയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി അനില ഷെറിന്റെ മാതൃത്വ അവധി ഒഴിവിലെ ശ്രീമതി അജി റാണി പി.എസ്.ന്റെ 16/06/2006 മുതൽ 27/10/2006 വരെയുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കാൻ സ.ഉ.(സാധാ) നം.1001/2022/പൊ.വി.വ തീയതി 22/02/2022 പ്രകാരം ഉത്തരവായിട്ടുണ്ട് എന്നും മാതൃത്വ അവധിയെ തുടർന്ന് ശ്രീമതി അനില ഷെറിൻ 28/10/2006 മുതൽ 21/12/2006 വരെ അർദ്ധവേതനാവധി എടുത്തിട്ടുള്ളതായും, 16/06/2006 മുതൽ നിയമനം ഉള്ളതിനാൽ ആയതിനെ തുടർന്നുള്ള അർദ്ധവേതനാവധി ഒഴിവിലും തനിക്കു തുടരാം എന്നതിനാൽ തന്റെ 16/06/2006 മുതൽ 31/03/2007 വരെയുമുള്ള നിയമനങ്ങൾ റഗുലർ ശമ്പള സ്കെയിലിൽ

അംഗീകരിക്കുവാൻ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതുമാണ് ഹർജിക്കാരിയുടെ ആവശ്യം.

4.ഇതേ വിഷയവുമായി ബന്ധപ്പെട്ട് ഹർജിക്കാരി ഫയൽ ചെയ്ത റിട്ട് ഹർജി 24740/21 ന്മേലുള്ള 10/11/2021-ലെ വിധിന്യായത്തിന്മേൽ സർക്കാർ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും 22/02/2022-ലെ സ.ഉ.(സാധാ)നം.1001/2022/പൊവിവ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി വിഷയം വിശദമായി പരിശോധിച്ചാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

5.മാനേജർ നൽകിയിട്ടുള്ള നിയമന ഉത്തരവ് പ്രകാരം ശ്രീമതി അനില ഷെറിന്റെ 15/06/2006 മുതലുള്ള മെറ്റേർണിറ്റി ലീവ് ഒഴിവിൽ ഹർജിക്കാരിയെ യു.പി.എസ്.എ. ആയി 16/06/2006 മുതൽ നിയമിക്കുന്നു എന്നു മാത്രമാണ് പറഞ്ഞിട്ടുള്ളതെന്നും ശ്രീമതി അനില ഷെറിന്റെ സേവനപുസ്തകം പരിശോധിച്ചതിൽ ടിയാരിക്ക് 15/06/2006 മുതൽ 27/10/2006 വരെയാണ് മെറ്റേർണിറ്റി ലീവ് അംഗീകരിച്ച് നൽകിയിട്ടുള്ളതെന്നും തുടർന്ന് 28/10/2006 മുതൽ 21/12/2006 വരെ എച്ച്.പി.എൽ. ആണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത എച്ച്.പി.എൽ. ഒഴിവിൽ ശ്രീമതി അജി റാണിയെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമായി കാണുന്നില്ല എന്നും ടി സ്കൂളിലെ യു.പി.എസ്.എ. ശ്രീമതി സി.കെ.ഇന്ദുലേഖയുടെ മെറ്റേർണിറ്റി ലീവ് ഒഴിവിൽ 22/12/2006 മുതൽ 31/03/2007 വരെ ഹർജിക്കാരിയെ നിയമിച്ച് ടിയാരി സേവനം നിർവ്വഹിച്ചതായി പറയുന്നുവെങ്കിലും ഈ കാലയളവിലെ നിയമന ഉത്തരവിന്റെ പകർപ്പ് ആയതുമായി ബന്ധപ്പെട്ട രേഖകളോ ലഭ്യമാക്കിയിട്ടില്ല എന്ന് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ശ്രീമതി അനില ഷെറിന്റെ മെറ്റേർണിറ്റി ലീവ് 15/06/2006 മുതൽ 27/10/2006 വരെ അംഗീകരിച്ച് നൽകിയിട്ടുള്ളതിനാലാണ് പ്രസ്തുത അവധി ഒഴിവിലെ ഹർജിക്കാരിയുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകുവാൻ മേൽ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്.

6.ശ്രീമതി അനില ഷെറിൻ എച്ച്.പി.എൽ. എടുത്ത ഒഴിവിൽ മാനേജർ ഹർജിക്കാരിയെ 28/10/2006 മുതൽ 21/12/2006 വരെ നിയമനം നടത്തി പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. കൂടാതെ മാനേജരോ മാനേജരുടെ പ്രതിനിധിയോ ഹെഡ്മാസ്റ്ററോ ഹിയറിംഗിൽ പങ്കെടുക്കുകയോ ഹിയറിംഗ് നോട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

7.എയ്ഡഡ് സ്കൂളുകളിലെ നിയമനാധികാരി സ്കൂൾ മാനേജർ ആണ്. നിയമനാധികാരി നിയമനം നടത്തി പ്രൊപ്പോസൽ സമയബന്ധിതമായി വിദ്യാഭ്യാസ അധികാരികൾക്ക് അംഗീകാരത്തിന് സമർപ്പിച്ചാൽ മാത്രമേ ആയതിന് അംഗീകാരം നൽകുവാൻ കഴിയുകയുള്ളൂ. ഇവിടെ ഹർജിക്കാരിയുടെ 28/10/2006 മുതൽ 21/12/2006 വരെയുള്ള നിയമന പ്രൊപ്പോസൽ മാനേജർ സമർപ്പിച്ചിട്ടില്ല. കൂടാതെ 22/12/2006 മുതൽ 31/03/2007 വരെയുള്ള നിയമന പ്രൊപ്പോസൽ 18 വർഷം കാലതാമസം വരുത്തിയാണ് സമർപ്പിച്ചിട്ടുള്ളത്.

8.22.02.2022-ലെ സ.ഉ.(സാധാ)നം.1001/2022/പൊവിവ പ്രകാരം ശ്രീമതി അനില

ഷെറിന്റെ മെറ്റേണിറ്റി ലീവ് 16/06/2006 മുതൽ 27/10/2006 വരെ അംഗീകരിച്ച് നൽകിയിട്ടുള്ളതിനാൽ പ്രസ്തുത അവധി ഒഴിവിലെ ഹർജിക്കാരിയുടെ 15/06/2006 മുതൽ 27/10/2006 വരെയുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് അനുമതി നൽകിയിരുന്നു. ശ്രീമതി അനില ഷെറിന്റെ 28.10.2006 മുതൽ 21.12.2006 വരെയുള്ള അർദ്ധവേതനാവധി ഒഴിവിലും, ശ്രീമതി ഇന്ദുലേഖയുടെ 22.12.2006 മുതൽ 31.03.2007 വരെയുള്ള മാതൃത്വ അവധി ഒഴിവിലും മാനേജർ ശ്രീമതി അജി റാണി പി.എസ്. ന് നിയമനം നൽകി പ്രൊപോസൽ സമർപ്പിക്കുന്ന പക്ഷം മാത്രമേ , ആയത് പരിശോധിച്ച് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, പ്രപ്പോസൽ സമർപ്പിക്കുന്നതിന് വരുത്തിയ കാലതാമസം ഇളവ് ചെയ്യുന്ന വിഷയം പരിഗണിക്കേണ്ടതുള്ളൂ. ശ്രീമതി അജിറാണിയുടെ 16/06/2006 മുതൽ 27/10/2006 വരെയും 28.10.2006 മുതൽ 21.12.2006 വരെയും, 22.12.2006 മുതൽ 31.03.2007 വരെയുള്ള നിയമനങ്ങൾ വ്യത്യസ്ത ഒഴിവിലാണ്. ആയതിനാൽ കാലതാമസം മാപ്പാക്കിനിയമനാംഗീകാരം നല്കുന്നപക്ഷം പോലും ശ്രീമതി അജിറാണിയുടെ നിയമനം ഒരു അക്കാദമിക വർഷം മുഴുവൻ ഉള്ള നിയമനം ആയി കണക്കാക്കി ശമ്പള സ്കെയിലിൽ നിയമനം അംഗീകരിക്കാനാകില്ല.

9.മേൽ സാഹചര്യത്തിൽ റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

10.മേൽപ്രകാരം പരാമർശം 1 റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി അജി റാണി പി.എസ്., എച്ച്.എസ്.റ്റി. (പി.എസ്.), ന്യൂ എച്ച്.എസ്.എസ്.,
നെല്ലിമൂട്, തിരുവനന്തപുരം.
മാനേജർ, ന്യൂ എച്ച്.എസ്.എസ്., നെല്ലിമൂട്, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്. (18.12.2025 ലെ GE-JA3/538/2025-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 17-01-2026 11:28:50
സെക്ഷൻ ഓഫീസർ